"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ്– ഗ്യാലന്ററി പുരസ്ക്കാര ജേതാവ് മേജർ രാഹുൽ ബാലകൃഷ്ണൻ - ന് സംസ്ഥാന സർക്കാരിൽ നിന്നുള്ള ക്യാഷ് അവാർഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.2/2023/SWD തീയതി,തിരുവനന്തപുരം, 12-01-2023

---

പരാമർശം:- 1. 02.06.2017ലെ സ.ഉ.(എം.എസ്) നം.186/2017/പൊ.ഭ.വ നമ്പർ ഉത്തരവ്.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 30.09.2022 ലെ ബി6/132875/GA/2021/ഡി.എസ്.ഡബ്ല്യൂ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിവിധ ഗ്യാലന്ററി പുരസ്ക്കാര ജേതാക്കൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡിന് അർഹതയുള്ളതാണ്.

2. അതിൻപ്രകാരം, ഗ്യാലന്ററി പുരസ്കാര ജേതാവ് മേജർ രാഹുൽ ബാലകൃഷ്ണൻ സംസ്ഥാന സർക്കാരിൽ നിന്നും ക്യാഷ് അവാർഡ് അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതും പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും സൈനികക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിരുന്നതുമാണ്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സേനാ മെഡൽ ജേതാവ് മേജർ രാഹുൽ ബാലകൃഷ്ണൻ, ഫ്ലാറ്റ്-5 ഇ , നന്ദഗോകുൽ അപ്പാർട്ട്മെന്റ്സ്, തിരുവങ്ങാട് പി.ഒ, കണ്ണൂർ- 670 103 ന് പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാന സർക്കാരിൽ നിന്നുള്ള ക്യാഷ് അവാർഡ് തുകയായി 4,00,000/- രൂപ (നാലു ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

4. ഇതിനാവശ്യമായ തുക 2075-00-104-96 കണക്കിനത്തിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ താരാ ദേവി
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. മേജർ രാഹുൽ ബാലകൃഷ്ണൻ , ഫ്ലാറ്റ്-5 ഇ , നന്ദഗോകുൽ അപ്പാർട്ട്മെന്റ്സ് , തിരുവങ്ങാട്

പി.ഒ, കണ്ണൂർ- 670 103

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ